# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7220 | 11-07-2014-ലെ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ പള്ളിക്കരയിൽ മാവേലിസ്റ്റോർ

**ചോദ്യം**

**ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

എ) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽപ്പെടുന്ന പള്ളിക്കര പഞ്ചായത്തിലെ പള്ളിക്കരയിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

ബി) നിവേദനം നൽകി രണ്ട് വർഷമായിട്ടും ആയത് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

എ) & ബി) ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. കുഞ്ഞിരാമൻ നൽകിയ നിവേദനം സാദ്ധ്യതാ പഠനം നടത്തുന്നതിനായി കോഴിക്കോട് മേഖല മാനേജർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കമ്പ്യൂട്ടർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾക്കായി ഒരു ലക്ഷം രൂപയും വാടകരഹിതമായി കെട്ടിടവും നൽകണമെന്നാണ് സപ്ലൈകോ വ്യവസ്ഥ. സപ്ലൈകോയുടെ നിബന്ധനകൾ അറിയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിരന്തരമായി കത്തയച്ചെങ്കിലും യാതൊരുവിധ മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ലാ എന്ന റിപ്പോർട്ടാണ് മേഖല മാനേജരിൽനിന്നും ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ തീരുമാനം ഇതുവരെയും കിട്ടാത്തതാണ് പദ്ധതിയുമായി മുന്നോട്ടു പോകാനുള്ള പ്രധാന തടസ്സം.

Beena

**സെക്ഷൻ ഓഫീസർ**